കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.2326/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,28.07.2015

പരാമർശം : 1. ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.06.2014 – ലെ എ/7308/15 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47 പ്രകാരം പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പിലാക്കിയ 69 - ാം നമ്പർ പദ്ധതിയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്ന് സർക്കാരിനോടാവശ്യപ്പെടാൻ 29.05.2015 – ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം (തീരുമാനം നമ്പർ 4(10)) കൈക്കൊണ്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47 പ്രകാരമുള്ള തടസ്സത്തിന് ഉത്തരവാദികളായിരുന്ന ഉദ്യോഗസ്ഥരെല്ലാം തന്നെ ഇപ്പോൾ സർവീസിൽ നിന്നും വിരമിച്ചു കാണുമെന്നതിനാൽ ഈ വിഷയത്തിൽ ഇപ്പോൾ തുടർ നടപടികൾ കൈക്കൊള്ളുന്നത് അനുചിതമായി കരുതുന്നതിനാൽ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47 പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ